സ.ഉ(സാധാ) നം 424/2023/LSGD

"ഭരണഭാഷ മാതൃഭാഷ"

21 FEB 2023

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാനയോഗ്യത - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.424/2023/LSGD തീയതി,തിരുവനന്തപുരം, 17-02-2023

---

പരാമർശം:- 1. 16.08.1972 തീയതിയിലെ സ.ഉ(കൈ)നം. 246/72/LASWD

2. 11.02.1976 തീയതിയിലെ സ.ഉ(കൈ)നം. 33/76/LASWD

3. 05.07.2018 തീയതിയിലെ സ.ഉ(സാധാ)നം.1838/2018/തസ്വഭവ.

4. ട്രെയിനിംഗ് ഡയറക്ടറുടെ 23.08.2018 തീയതിയിലെ എഫ്1/25077/2016 നമ്പർ കത്ത്.

5. എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടറുടെ 08.02.2023 തീയതിയിലെ ഡി.യു.എ/1096/2023/ഇ4നമ്പർ കത്ത്

F

21/2/2023

ഉത്തരവ്

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.ടി) നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുൻസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പരാമർശം (4) വ്യവസായവകുപ്പ് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച കത്ത് പ്രകാരം, സമാന യോഗ്യതകളായ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ (എൻ.സി.വി.ടി.) നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി), സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.റ്റി.സി), നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) എന്നിവയും മുനിസിപ്പൽ കോമൺസർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാനയോഗ്യതയായി ഉൾപ്പെടുത്തി 05.07.2018-ലെ ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

2. ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ (അർബൻ) ഡയറക്ടറുടെ പരാമർശം (5) റിപ്പോർട്ട് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II തസ്തികയ്ക്കുള്ള യോഗ്യതകളിൽ സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി), സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.റ്റി.സി), നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) എന്നിവ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിച്ച് ഉത്തരവാകാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരത്തോടെ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ കളിൽ നടത്തുന്ന തൊഴിൽ പരിശീലനമാണ് എൻ.സി.വി.ടി കോഴ്സ്. ടി കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും (എൻ.റ്റി.സി) നല്കുന്നു. എന്നാൽ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരം കിട്ടും മുൻപ് സംസ്ഥാനങ്ങൾ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരത്തോടെ സർക്കാർ ഐ.ടി.ഐ.കളിൽ നടത്തിയിരുന്ന തൊഴിൽ പരിശീലനമാണ് എസ്.സി.വി.ടി കോഴ്സ്. ടി കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റും (എസ്.റ്റി.സി) നൽകുന്നു. ടി രണ്ട് പരിശീലനങ്ങളും ഒരേ പാഠ്യ പദ്ധതി പ്രകാരമാണ് നടത്തുന്നത്. ഇതു കൂടാതെ അപ്രന്റിസ് പരിശീലന പദ്ധതി പ്രകാരം അപ്രന്റിസ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റും (എൻ.എ.സി) നൽകിവരുന്നു. രണ്ട് ട്രെയിനിംഗുകളും (എൻ.സി.വി.ടി & എസ്.സി.വി.ടി)ഒരേ പാഠ്യ പദ്ധതി പ്രകാരമാണ് നടത്തുന്നത്.

4. മേൽ സാഹചര്യത്തിൽ വ്യവസായപരിശീലനവകുപ്പ് ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.ടി) നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ്-ന്റെ സമാന യോഗ്യതകളായ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ (എൻ.സി.വി.ടി.) നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി), സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (എസ്.റ്റി.സി), നാഷണൽ അപ്രന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റ് (എൻ.എ.സി) എന്നിവയും, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.ടി) നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റിനോടൊപ്പം മുനിസിപ്പൽ കോമൺസർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാനയോഗ്യതയായി ഉൾപ്പെടുത്തി പരാമർശം (3 ) ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ട്രെയിനിംഗ് ഡയറക്ടർ, വ്യവസായ പരിശീലനവകുപ്പ്, തിരുവനന്തപുരം.
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്(സി2/59/2017-LBRD നമ്പർ ഫയൽ പ്രകാരം)
തദ്ദേശസ്വയംഭരണ(ഇആർഎ) വകുപ്പ്
എസ്റ്റി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 17-02-2023 16:21:19